**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1427 | | 06.03.2020-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിലെ മാലിന്യസംസ്കരണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.എസ്.ശിവകുമാർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സർക്കാർ ജീവനക്കാർ താമസിക്കുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ ഫ്ളാറ്റ് സമുച്ചയമായ രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിലെ മാലിന്യം നീക്കം ചെയ്യുന്നത് നിലവിൽ എപ്രകാരമാണെന്ന് വിശദമാക്കുമോ; | (എ) | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഉറവിട മാലിന്യ സംസ്കരണ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ടി ഫ്ളാറ്റിലെ മാലിന്യങ്ങൾ നഗരസഭയുടെ അംഗീകൃത ഏജൻസിയായ V care എന്ന ഏജൻസിയ്ക്ക് കൈമാറി വരുന്ന രീതിയാണ് നിലവിലുള്ളത്. കൂടാതെ ജൈവമാലിന്യ സംസ്കരണത്തിന് 2 പോർട്ടബിൾ എയ്റോബിക് ബിൻ യൂണിറ്റുകൾ ഈ ഫ്ളാറ്റ് പരിസരത്ത് സ്ഥാപിച്ച് ജൈവമാലിന്യ പരിപാലനം നഗരസഭ നടത്തിവരുന്നു |
| (ബി) | ഇവിടെ പല ദിവസങ്ങളിലും പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും കത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യാതൊരുവിധ മാലിന്യങ്ങളും കത്തിക്കാൻ പാടില്ലായെന്ന് വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നത് തടയുന്നതിന് ബോധവൽക്കരണമുൾപ്പെടെയുള്ള നടപടികൾ നടന്നു വരുന്നുണ്ട്. |
| (സി) | ഡെങ്കി, ചിക്കൻപോക്സ് മുതലായ സാംക്രമിക രോഗങ്ങൾ താമസക്കാരിൽ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ഇവിടെ പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും കത്തിക്കുന്നത് കർശനമായി തടയുവാൻ വേണ്ട നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ